പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ - 2513

13.02.2013 ൽ
മറുപടിക്ക്

## ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം

**ചോദ്യം**

**ശ്രീ. റ്റി.വി. രാജേഷ്**

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനു വേണ്ടി ആരംഭിച്ച ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനു വേണ്ടി ആരംഭിച്ച ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ട്. 14 ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ വളരെ നല്ലരീതിയിൽ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. ഓരോ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ വഴി ഒരു ദിവസം ശരാശരി 1000 നും 1500 നും ഇടയിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. |
| (ബി) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ നിന്നും ലഭിച്ചു വരുന്ന സേവനം എല്ലാ പഞ്ചായത്തുകളിലെയും ജന സേവന കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ഐ.ടി. മിഷന്റെ കീഴിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ ഒരു ജില്ലയിൽ ഒന്നു വീതം ജില്ലാ ആസ്ഥാനങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്. എന്നാൽ അക്ഷയ കേന്ദ്രങ്ങൾ ഗ്രാമീണ മേഖലയിലും പ്രവർത്തിച്ചു വരുന്നു. കൂടാതെ ഇൻഫർമേഷൻ കേരള മിഷൻ മുഖേന ജനസേവന കേന്ദ്രങ്ങൾ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. എല്ലാ ഫ്രണ്ട്സ് കേന്ദ്രങ്ങളിലും വെബ് അധിഷ്ഠിത പുതിയ സോഫ്റ്റ് വെയറായ 'ഫ്രീസ്" വിന്യസിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ആയത് നിലവിൽ വന്നാൽ ഏതു സ്ഥലത്തു നിന്നുമുള്ള സേവനം ഏത് ഫ്രണ്ട്സ് കേന്ദ്രങ്ങളിലും ലഭ്യമാകും. |

സെക്ഷൻ ഓഫീസർ.